# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3708 — 26.06.2012 ൽ മറുപടിയ്ക്ക്

## റിസ്ക് ഫണ്ട് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) റിസ്ക് ഫണ്ട് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;<br><br>(ബി) ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നത്; | (എ) & (ബി) വായ്പ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാക്കാലാവധിയ്ക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപവരെയുള്ള മുതലും അതിന്റെ പലിശയും എഴുതി തള്ളുന്നതു മുഖേന വായ്പക്കാരുടെ അനന്തരാവകാശികൾക്ക് ആശ്വാസം നൽകുക എന്നതാണ് റിസ്ക് ഫണ്ട് പദ്ധതിയുടെ ലക്ഷ്യം. 30.03.2012-ലെ സ.ഉ.(കൈ)42/2012/സഹ. നമ്പർ ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയിൽ ഭേദഗതി വരുത്തുകയും മരണപ്പെട്ടവരുടെ വായ്പകൾക്ക് മാത്രം ലഭ്യമായിരുന്ന ആനുകൂല്യം വായ്പ എടുത്ത ശേഷം മരണപ്പെട്ടവർക്കു നൽകുന്നതാണ്. കൂടാതെ ക്യാൻസർ, എയ്ഡ്സ്, പക്ഷാഘാതം ബാധിച്ചവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, കിഡ്നി സംബന്ധമായ രോഗങ്ങൾ ബാധിച്ചവർ എന്നിവരുടെ വായ്പയിലെ മുതൽ ഇനത്തിലുള്ള 75,000/- രൂപയും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ നിന്നും എഴുതിതള്ളുന്നതാണ്. ഇപ്രകാരം മാരകരോഗം ബാധിച്ചവർക്ക് ആശ്വാസം നൽകുക എന്നതും റിസ്ക് ഫണ്ട് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യത്തിൽപ്പെടുന്നു. |

| | | |
|---|---|---|
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ ഇതുവരെ എടുത്തിട്ടുണ്ട്; | (സി) റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ റിസ്ക് ഫണ്ട് നിയമാവലി അംഗീകരിച്ച നൽകിയിട്ടുണ്ട്. ടി നിയമാവലി പ്രകാരം റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കുകയും പദ്ധതി ഫലപ്രദമായി നടപ്പിലാ ക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | തിരിച്ചടക്കൽ കാലാവധി കഴിഞ്ഞ വർക്ക് കൂടി ഇത് ബാധകമാക്കുമോ? | (ഡി) സർക്കാരിന്റെ 30.03.2012-ലെ സ.ഉ.(കൈ)42/ 2012/സഹ. നമ്പർ ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് നിയമാവലിയിൽ ഭേദഗതി വരുത്തുകയും മരണപ്പെട്ട ആളിന്റെ പേരിലുള്ളതും വായ്പ കാലാവധി കഴിഞ്ഞതുമായ വായ്പകൾക്ക് കൂടി റിസ്ക് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ